# പതിനാലാം കേരള നിയമസഭ രണ്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4370
# - 25.10.2016-ന് മറുപടി നൽകേണ്ടത്

## സംരംഭക വികസന മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ** | **ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | സംസ്ഥാനത്ത് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ 2011 ൽ രൂപം നൽകിയ പദ്ധതിയാണ് സ്വയം സംരംഭക മിഷൻ. ആത്മാർത്ഥതയും ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തി, അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സാഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| ബി | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ; | 50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വിഭാവന ചെയ്ത പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. പ്രസ്തുത പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല |

| | | |
|---|---|---|
| സി. | എത്ര സംരംഭകരെയാണ് പദ്ധതിയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | 31.05.2016 ലെ കണക്കുകൾ പ്രകാരം 11,033 പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. 1757 സംരംഭങ്ങൾ തുടങ്ങുകയും 8904 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. |
| ഡി. | എന്തെല്ലാം ധനസഹായങ്ങളാണ് സംരംഭകർക്ക് നൽകുന്നത്; വിശദമാക്കുമോ? | പദ്ധതി തുകയുടെ 90% തുകയാണ് സഹായമായി നൽകുന്നത്. ഒരു സംരംഭകന് 7 ലക്ഷം എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഒരാൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 15 വർഷമാണ് തിരിച്ചടവ് കാലാവധി. പലിശ രഹിത വായ്പയാണ് അനുവദിക്കുന്നത്. പലിശ സർക്കാർ വഹിക്കും. |

**സെക്ഷൻ ഓഫീസർ**